**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3281 — 24/06/2013 ൽ മറുപടിക്ക്

# സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി. വൽക്കരണം നിയമവിധേയമാക്കി നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ക്ലോറോ ഫ്ളൂറോ കാർബൺ (സി.എഫ്.സി.) ന്റെ അളവ് അന്തരീക്ഷത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയിൽ വരുന്ന വ്യതിയാനം കണക്കിലെടുത്ത് സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി.യുടെ ഉപയോഗം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ക്ലോറോ ഫ്ളൂറോ കാർബൺ (സി.എഫ്.സി.) അന്തരീക്ഷത്തിൽ വമിക്കുന്നത് തടയാൻ അന്താരാഷ്ട്ര തലത്തിൽ തന്നെ മോൺട്രിയാൽ പ്രോട്ടോക്കോൾ എന്ന കരാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ കരാർ അനുസരിച്ച് പുതുതായി നിർമ്മിക്കുന്ന എയർകണ്ടീഷണറുകൾ സി.എഫ്.സി. മുക്തമാണ്. പകരം പരിസ്ഥിതി സൗഹൃദങ്ങളായ എച്ച്.സി.എഫ്.സി., എച്ച്.എഫ്.സി. എന്നിവയാണ് പ്രയോജനപ്പെടുത്തുന്നത്. അതുകൊണ്ട് തന്നെ സംസ്ഥാനത്ത് പ്രത്യേകമായി ഈ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതില്ല. |
| (ബി) എ.സി. സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ സർക്കാരിന്റെയോ അനുമതി വാങ്ങിയിരിക്കണം എന്ന രീതിയിലുള്ള നിയമ നിർമ്മാണം നടത്തി എ.സി.യുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുവാനും നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ? | (ബി) കാലാവസ്ഥാ വ്യതിയാനംമൂലം അനുഭവപ്പെടുന്ന വർദ്ധിച്ച ചൂടും ഉയർന്ന ജീവിത സാഹചര്യങ്ങളും എയർകണ്ടീഷണറുകളുടെ അമിതമായ വ്യാപനത്തിന് ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഊർജ്ജസംരക്ഷണ നിയമം 2001 ന്റെ ഭാഗമായി നക്ഷത്ര മുദ്രകളുള്ള ഊർജ്ജക്ഷമതയുള്ള എയർകണ്ടീഷണർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ പ്രചാരണത്തിന് സംസ്ഥാനത്ത് വലിയ ഊന്നൽ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ